പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2411

18.12.2012 ൽ
മറുപടിയ്ക്ക്

ടെക്നോളജി സ്റ്റാർട്ട് അപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി ;<br>ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. വി.പി. സജീന്ദ്രൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ടെക്നോളജി സ്റ്റാർട്ട് അപ്പുകൾക്കായുള്ള നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. Student Entrepreneurship policy പ്രകാരം സ്റ്റുഡന്റ് സ്റ്റാർട്ട് അപ്പുകൾക്ക് 20% അറ്റൻഡൻസ് ഇളവും 4% ഗ്രേസ് മാർക്കും നൽകാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. |
| ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം വികസിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത നയത്തിലുള്ളത്. |
| സി) പ്രസ്തുത നയം അനുസരിച്ച് എത്ര സ്റ്റാർട്ട് അപ്പ് കമ്പനികൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | സി) 3000 ടെക്നോളജി സ്റ്റാർട്ട് അപ്പുകൾ 2020-ഓടെ തുടങ്ങുവാൻ വേണ്ട സഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) എല്ലാ പൗരന്മാർക്കും സുതാര്യവും സൗകര്യപ്രദവുമായ രീതിയിൽ ഇലക്ട്രോണിക് സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ? | ഡി) ഐ.ടി. നയം 2012 പ്രകാരം സാങ്കേതിക സാധ്യത കണക്കിലെടുത്ത് Kerala State Right to Services Act ന്റെ പരിധിയിൽ വരുന്ന എല്ലാ സേവനങ്ങളും ഇലക്ട്രോണിക് സംവിധാനം വഴി നൽകുവാനും പ്ലാൻ ഫണ്ടിന്റെ 3% ഇ-ഗവേണൻസിന് വേണ്ടി ചെലവാക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ